322 (1514) പെട്രോൾ പമ്പുകളിലെ മീറ്റർ പരിശോധന

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ പെട്രോൾ പമ്പുകളിൽ മീറ്ററിൽ കൃത്രിമം കാണിച്ചതായി 1998 വർഷത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) കൃത്രിമം കാണിച്ച പെട്രോൾ പമ്പ് ഉടമകൾക്കെതിരെ സ്വീകരിച്ച മറ്റു നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കൃത്രിമം കാണിച്ചിട്ടുണ്ടായിരുന്ന മീറ്ററുകൾക്കുപകരം പുതിയ മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ പകരം എന്ത് സംവിധാനത്തിനാണ് അനുവാദം നൽകിയിട്ടുള്ളത്;

(ഇ) ഇപ്പോൾ പെട്രോൾ പമ്പുകളിലെ മീറ്ററുകൾ മുദ്രവച്ച് നിശ്ചിത അളവിൽ പെട്രോൾ/ഡീസൽ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(എഫ്) എല്ലാ മാസവും പെട്രോൾ പമ്പുകൾ നിർബന്ധമായും പരിശോധന നടത്തുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കൃത്രിമം കാണിച്ച ടി പമ്പിനെതിരെ തിരുവനന്തപുരം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ജി.സി. 88/99 നമ്പരായി കേസ്സ് ഫയൽ ചെയ്തു.

(സി)&(ഡി) കൃത്രിമം കാണിച്ച പെട്രോൾ പമ്പിലെ കേസ്സ് കോടതിയുടെ പരിഗണനയിലായതിനാൽ അതുമാറ്റി പകരം മീറ്റർ സ്ഥാപിച്ചിട്ടില്ല. എന്നാൽ, നിയമാനുസൃതം മുദ്രപതിപ്പിച്ച മറ്റൊരു പെട്രോൾ പമ്പ് യൂണിറ്റ് അവിടെ സ്ഥാപിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഓരോ ജില്ലകളിലുമുള്ള അസിസ്റ്റന്റ് കൺട്രോളർമാരാണ് പെട്രോൾ പമ്പുകൾ പരിശോധിക്കുന്നത്. ടാങ്കർ ലോറി കാലിബ്രേഷൻ, അളവു-തൂക്ക ഉപകരണങ്ങളുടെ ആദ്യ പരിശോധന, പെട്രോൾ പമ്പുകളിലെ മുദ്രവയ്പ്, കൂട്ടായ മിന്നൽപരിശോധന എന്നീ സാധാരണ ജോലികൾക്കുപുറമേ സമയലഭ്യത അനുസരിച്ച് പരമാവധി പരിശോധന നടത്തി കുറ്റക്കാർക്ക് എതിരെ നടപടി സ്വീകരിക്കുന്നതാണ്.

323 (1515) മരണപ്പെട്ട വില്ലേജ്മാന്റെ സർവ്വീസ് ആനുകൂല്യങ്ങൾ

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മണ്ണൂർ വില്ലേജ്മാനായി ജോലിചെയ്തുവന്നിരുന്ന ശ്രീ. ദാമോദരൻ ഇലക്ട്രിസിറ്റി ലൈൻ പൊട്ടിവീണ് മരണപ്പെട്ട വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly